# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2254

## 14-06-2019 ൽ മറുപടിക്ക്

## കിഫ്ബി പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ധനസമാഹരണം

| ചോദ്യം<br>ശ്രീ. കെ.ജെ.മാക്സി | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) മസാല ബോണ്ടിനുശേഷം കിഫ്ബിയിൽ ഏതെല്ലാം മാർഗങ്ങളിലൂടെയും ബോണ്ടിലൂടെയും എത്ര കോടി സമാഹരിക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്; | കിഫ്ബിയുടെ ആക്റ്റ് അനുശാസിക്കും വിധം റിസർവ് ബാങ്ക്, സെബി എന്നീ നിയന്ത്രണ സംവിധാനങ്ങൾ അംഗീകരിച്ചിട്ടുള്ള എല്ലാ ഉപാധികളിലൂടെയും ധനസമാഹരണം നടത്തി ഏറ്റെടുത്തിരിക്കുന്ന അൻപതിനായിരം കോടി രൂപയുടെ പദ്ധതികൾ പൂർത്തിയാക്കുവാനാണ് കിഫ്ബി ഉദ്ദേശിക്കുന്നത്. സമയാസമയങ്ങളിൽ ഉചിതമായ മാർഗ്ഗങ്ങളിലൂടെ അസറ്റ് - ലയബിലിറ്റി വിശകലനത്തിനെ അടിസ്ഥാനപ്പെടുത്തിയുള്ള ധനസമാഹരണമാണ് കിഫ്ബി ലക്ഷ്യം വയ്ക്കുന്നത്. ഡോളർ ബോണ്ടുകൾ, ഡയസ്പോറ ബോണ്ടുകൾ എന്നിവയുടെ സാധ്യതകളും പരിശോധിച്ചു വരുന്നു. |
| (ബി) പ്രസ്തുത സമാഹരണം എപ്പോൾ പ്രാവർത്തികമാക്കാനാണ് ധനവകുപ്പ് ഉദ്ദേശിക്കുന്നത്; വിശദാംശം നൽകാമോ; | |
| (സി) കിഫ്ബി പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ധനസമാഹരണത്തിന് മസാല ബോണ്ടിന് പുറമെ ഡോളർ ബോണ്ടുകൾ, ഡയസ്പോറ ബോണ്ടുകൾ എന്നിവ കൂടി ഇറക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | |

സെക്ഷൻ ഓഫീസർ